നം. സി.ഇ.ഇ/1515/2011/KEAM_2012/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## 2012 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനിലൂടെ സമർപ്പിക്കണം

2012 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന്, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കിനും യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകുന്നതാണ്. രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ബയോടെക്നോളജി/ബയോളജി എന്നീ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ്/മാർക്കിനെ പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (b)(iii) പ്രകാരം സ്റ്റാൻഡാർഡൈസേഷൻ പ്രക്രിയയ്ക്കു വിധേയമാക്കുന്നതാണ്. ഇപ്രകാരം സ്റ്റാൻഡാർഡൈസ് ചെയ്ത മാർക്കിനും എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ രണ്ട് പേപ്പറിനും കൂടി ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകിയാണ് 2012 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്,

എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ, അവർക്ക് രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ബയോടെക്നോളജി/ബയോളജി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ്. മാർക്ക് സമർപ്പിക്കുന്നതിനായി **26.05.2012 മുതൽ 06.06.2012 വരെ** വെബ്സൈറ്റ് ലഭ്യമാകുന്നതാണ്.

അപേക്ഷാർത്ഥികൾ അവരവരുടെ അപേക്ഷാ നമ്പർ, റോൾ നമ്പർ, കീ നമ്പർ എന്നിവ നൽകി ഒരു പാസ്വേർഡ് സെറ്റ് ചെയ്ത് ഹോംപേജിൽ കയറേണ്ടതാണ്. യോഗ്യതാ പരീക്ഷ പാസ്സായ ബോർഡ്, വർഷം, രജിസ്റ്റർ നമ്പർ എന്നിവ വെബ്സൈറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം രേഖപ്പെടുത്തുമ്പോൾ ഈ വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമാണെങ്കിൽ അതതു വിഷയത്തിന്റെ മാർക്കുകൾ സൈറ്റിൽ ദൃശ്യമാകുന്നതാണ്. അതത് ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയ മാർക്കുവിവരം ആണ് ഇങ്ങനെ കാണാൻ കഴിയുന്നത്. ഇപ്രകാരം സൈറ്റിൽതന്നെ മാർക്ക് വിവരം ലഭ്യമാകുന്ന വിദ്യാർത്ഥികൾ പുതുതായി മാർക്കുകൾ രേഖപ്പെടുത്തേണ്ടതില്ല. മറിച്ച് സൈറ്റിൽ ലഭ്യമായ മാർക്കുകൾ ശരിയാണോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം 'Confirm' ചെയ്യേണ്ടതാണ്. മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തപക്ഷം വിദ്യാർത്ഥികൾ അവരവരുടെ ബോർഡ്, പാസ്സായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തിയ ശേഷം ഓരോ വിഷയത്തിനും ലഭിച്ച മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി '**confirm**' ചെയ്യേണ്ടതാണ്. മേൽപറഞ്ഞപ്രകാരം മാർക്കുകൾ confirm ചെയ്തതിനുശേഷം എല്ലാ വിദ്യാർത്ഥികളും '**Marks**

**submission data' യുടെ ഒരു പ്രിന്റൗട്ട് എടുക്കേണ്ടതാണ്.** വിദ്യാർത്ഥി സ്വയം സാക്ഷ്യപ്പെടുത്തിയ ഈ പ്രിന്റൗട്ടിനോടൊപ്പം പ്ലസ് ടു/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത് കൂടി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **08.06.2012 വൈകുന്നേരം 5 മണിക്ക്** മുൻപ് എത്തിക്കേണ്ടതാണ്.

മേൽപറഞ്ഞ പ്രകാരം വെബ്സൈറ്റിൽകൂടി മാർക്കുകൾ രേഖപ്പെടുത്താത്തതും, വിദ്യാർത്ഥി സാക്ഷ്യപ്പെടുത്തിയ 'Marks Submission Data' യും യോഗ്യതാ പരീക്ഷയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പും യഥാസമയം ഹാജരാക്കാത്തതുമായ വിദ്യാർത്ഥികളെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

ഈ കാലയളവിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി കേരളത്തിലുടനീളം ഫെസിലിറ്റേഷൻ സെന്ററുകളും ഹെൽപ്പ് ഡെസ്ക്കുകളും സജ്ജമാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ പട്ടിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിലും സിറ്റിസൺ കാൾസെന്ററിന്റെ **155300 ,0471-2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
24.05.2012